# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4361 — 04.02.2014 ൽ മറുപടിയ്ക്ക്

### അപ്ഗ്രേഡ് ചെയ്ത സ്കൂളുകൾക്ക് പുതിയ കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ സ്കൂളുകളാണ് ഹൈസ്കൂളുകളായി ഉയർത്തിയിട്ടുള്ളത്; അവയുടെ പേരു വിവരം ലഭ്യമാക്കുമോ; ഏതു പദ്ധതിയനുസരിച്ചാണ് ഈ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 36 സ്കൂളുകൾ ഹൈസ്കൂളുകളായി സർക്കാർ ഉത്തരവ് (എം.എസ്.) 309/2012/ പൊ.വി.വ. തീയതി 29.09.2012 പ്രകാരം ഉയർത്തിയിട്ടുണ്ട്. ആയത് കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എം.എസ്.എ. - ൽ ഉൾപ്പെടുത്തിയാണ് ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടുള്ള ഏതൊക്കെ സ്കൂളുകളിലാണ് ഈ പദ്ധതി പ്രകാരമുള്ള കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുള്ളത്; എത്ര രൂപയാണ് ഇതിനായി അനുവദിച്ചിട്ടുള്ളത്; ബാക്കിയുള്ള സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ് |
| (സി) | ഇങ്ങനെ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂളുകളാക്കിയിട്ടുള്ള സ്കൂളുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ ഏതൊക്കെ എന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാർ ഉത്തരവ് (കൈ.) നം. 317/2013/പൊ.വി.വ. തീയതി 05.12.2013 പ്രകാരം ഓരോ സ്കൂളുകളിലും അനുവദിക്കപ്പെട്ടിട്ടുള്ളതസ്തിക ചുവടെ ചേർക്കുന്നു. |

ഹെഡ്മാസ്റ്റർ - 1

<u>എച്ച്.എസ്.എ.</u>

(ഭാഷാദ്ധ്യാപകർ - 2,
സയൻസ് - 1,
സോഷ്യൽ സയൻസ് - 1,
കണക്ക് - 1
എഫ്.റ്റി.എം. - 1)

ഇങ്ങനെ 36 സ്കൂളുകളിൽ 252 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആയത് ആർ.എം.എസ്.എ നോംസ് പ്രകാരമാണ്.

(ഡി) ഇങ്ങനെയുള്ള മിക്ക സ്കൂളുകളിലും വിവിധ വിഷയങ്ങൾ കുട്ടികളെ പഠിപ്പിക്കുവാൻ ഗസ്റ്റ് അദ്ധ്യാപകരാണ് ഉള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) ഉണ്ട്. ആർഎംഎസ്എ. നോംസ് പ്രകാരമുള്ള അദ്ധ്യാപക തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്.

(ഇ) അടുത്ത അധ്യയന വർഷമെങ്കിലും ഈ തസ്തികകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സ്ഥല പരിമിതിമൂലം വീർപ്പുമുട്ടുന്ന ഇത്തരം സ്കൂളുകളിൽ പുതിയ കെട്ടിടം അടിയന്തിരമായി നിർമ്മിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഇ) & (എഫ്) ഇതു സംബന്ധിച്ച് വിവരം ശേഖരിച്ചു നൽകുന്നതാണ്

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം – രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ആർ. എം. എസ്. എ. പദ്ധതി പ്രകാരം 2010 – 11 അധ്യയന വർഷം അനുമതി ലഭിച്ച 35 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്താനും യു.പി. എസ് ഇല്ലാത്ത കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ ഹൈസ്കൂൾ വിഭാഗം തുടങ്ങാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**

സ.ഉ. (എം.എസ്.)നം. 309 /2012/പൊ.വി  തീയതി, തിരുവനന്തപുരം, 29. 09. 2012

പരാമർശം:- 84/2011/ ആർ. എം. എസ്. എ നമ്പരായുള്ള 22/3/2011, 13/7/2011, 27/7/2011 എന്നീ തീയതികളിലെ ആർ. എം. എസ്. എ. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ കത്തുകൾ

**ഉത്തരവ്**

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ ( ആർ.എം.എസ്.എ ) പദ്ധതി പ്രകാരം 2010 - 11 അധ്യയന വർഷം കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ച 35 യുപി സ്കൂളുകളിൽ ഹൈസ്കൂൾ വിഭാഗം ആരംഭിക്കാനും യുപി എസ് ഇല്ലാത്ത കുറ്റിക്കോലിൽ ഹൈസ്കൂൾ വിഭാഗം മാത്രമായി ആരംഭിക്കാനും ആർ.എം.എസ്.എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനുബന്ധമായി ചേർത്തിട്ടുള്ള 35 യു.പി. സ്കൂളുകൾ ഹൈസ്കൂളുകളാക്കി ഉയർത്താനും യുപി എസ് ഇല്ലാത്ത കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ ഹൈസ്കൂൾ വിഭാഗം തുടങ്ങാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. സീരിയൽ നമ്പർ 25 ഗവ. യു. പി.എസ്. വൻമുഖം സ്കൂളിന്റെ അപ്ഗ്രഡേഷൻ അന്തിമ ഹൈക്കോടതി വിധി അനുസരിച്ച് മാത്രമേ നടപ്പാക്കാവു എന്നും നിഷ്കർഷിക്കുന്നു.

മേൽ പറഞ്ഞ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ആവശ്യമായ തുടർ നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ , ആർ. എം. എസ്. എ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ എന്നിവർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം. ശിവശങ്കർ

സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, ആർ.എം.എസ്.എ., തിരുവനന്തപുരം.

ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലകളിലേയും വിദ്യാഭ്യാസ ഉപഡയറക്ടർമാർ.

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും

ധനകാര്യവകുപ്പ് (25.06.2012 ലെ അനൗ.നം.23527/വിദ്യ-ബി1/12-ധന പ്രകാരം

തദ്ദേശസ്വയംഭരണ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ്.

പൊതു ഭരണ (എസ് സി ) വകുപ്പ്. (ഐറ്റം നമ്പർ 2211 തീയതി 26.9.2012 പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ട് ജനറൽ (എ, & ഇ), കേരളം, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

| Sl. No | District | Block | Name of School to be upgraded |
|---|---|---|---|
| 1 | Thiruvananthapuram | Vithura | GOVT UPS CHETTACHAL |
| 2 | Thiruvananthapuram | Peringamala | GOVT UPS JAWAHAR COLONY |
| 3 | Thiruvananthapuram | Kilimanoor | GOVT UPS PONGANADU |
| 4 | Thiruvananthapuram | Chirayinkeezhu | GOVT UPS KUDAVOORKONAM |
| 5 | Thiruvananthapuram | Chirayinkeezhu | GOVT UPS AYILAM |
| 6 | Thiruvananthapuram (Kollam dist in old list) | Vellanad | GOVT UPS UTHARAMCODE ERUVELI |
| 7 | Kollam | Vettikkavala | GUPS THALACHIRA |
| 8 | Kollam | Vettikkavala | GOVT. UPS CHAKKUVARAKKAL |
| 9 | Kollam | Chavara | ASUPS PUTHENTHURA |
| 10 | Alapuzha | Purakkad | GUPS, NALUCHIRA |
| 11 | Alapuzha | Chengannur | MUHAMMEDENS GUPS KOLLAKKADAVU |
| 12 | Kottayam | Koruthode | GOVT.U.P.S, PANACKACHIRA |
| 13 | Kottayam | Kanjirapally | GOVT.U.P. SCHOOL, KAPPADU |
| 14 | Kottayam | Kanjirapally | GOVT.TRIBAL UPS.KOMBUKUTHI |
| 15 | Kottayam | Kanjirapally | GOVT.WELFARE UPS KOOVSKKS |
| 16 | Kottayam | Pallam | GUPS VADAVATHUR |
| 17 | Ernakulam | Angamali | GUPS PALISSERY |
| 18 | Ernakulam | North Paravoor | GUPS THATHAPILLY |
| 19 | Malappuram | Edappatta | GUPS EDAPPATTA |
| 20 | Malappuram | Edavanna | GMUPS THUWAKKAD |
| 21 | Malappuram | Perinthalmanna | GUPS KAPPU |
| 22 | Malappuram | Nilambur | GUPS MUNDERI |
| 23 | Malappuram | Wandoor | GUPS KAPPILKARAD |
| 24 | Malappuram | Uragattiri | GUPS VETTILAPPARA |
| 25 | Kozhikode | Panthalayini | GUPS VANMUGHAM |
| 26 | Kozhikode | Perambra | GUPS PERAMBRA PLANTATION |
| 27 | Kozhikode | Koothali | GOVT. U.P.S, VENGAPPATTA |
| 28 | Kozhikode | Kavilumpara | GUPS KAVILUMPARA |
| 29 | Wayanad | Manathavadi | GUPS VARAMBETTA |
| 30 | Wayanad | Meppadi | GUPS THRIKKEPATTA |
| 31 | Kannur | Kurumathur | GUPS KALLIKKADAVU |
| 32 | Kannur | Alakkode | GUPS RAYROME |
| 33 | Kassargode | Madikkai | GUPS KANHIRAPOIL |
| 34 | Kasargode | Pullur- Periya | GUPS PULLUR ERIYA |
| 35 | Kasargode | Puthige | GUPS SOORAMBIAL |
| 36 | Kasargode | Kasargode | KUTTIKKOL |

Chitra
S.O